**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4918** **20-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ കായൽ പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ കായൽ പ്രദേശങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ കായൽ പ്രദേശങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അഴൂർ മേഖലയിലെ ടൂറിസം സാധ്യത പരിശോധിക്കുന്നതിനായി ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർ, KSINC യിൽ നിന്നുള്ള അസി. എഞ്ചിനീയർ എന്നിവർ സംയുക്തമായി അഴൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിക്കുകയും അഴൂർ പ്രദേശത്ത് ടൂറിസം വികസനത്തിന് ആവശ്യമായ ഭൂമിയുടെ ലഭ്യത പരിശോധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ 20.05.2024 തീയതിയിൽ അഴൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് വകുപ്പിൽ നിന്നും കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഭൂമിയുടെ ലഭ്യത ഉറപ്പാക്കുന്ന മുറക്ക് പദ്ധതി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ